# വചനസുമം



വാല്യം 11 • ഫെബ്രുവരി 2013 • ലക്കം 2



# പ്രസംഗം തയ്യാറാക്കിയവർ

**ഫെബ്രുവരി 3 : ആനീദേ ഞായർ**

ബ്രദർ അഭയാനന്ദ് ഒ.ഐ.സി.

**ഫെബ്രുവരി 10 : കൊത്തീനേ ഞായർ**

ബ്രദർ ജി. പണിക്കർ ഒ. ഐ. സി.

**ഫെബ്രുവരി 17 : ഗർബോ ഞായർ**

ബ്രദർ പോൾ നവീൻ ഒ.ഐ.സി.

**ഫെബ്രുവരി 24 : വലിയനോമ്പിലെ മൂന്നാം ഞായർ**

ബ്രദർ സ്ലീബാദാസ് ഒ. ഐ. സി.



Printed : At Bethany Offset Printers, Kottayam
Published : By **Bethany Vedavinjana Peeth, Pune**

(For Private Circulation)

# 2013 ഫെബ്രുവരി 3
## ആനീദെ ഞായർ

മത്താ. 25:31-46; ഉൽപ. 49:29-33; സഭാ. 7:1-14;
ഏശ. 38:9-22; 2 പത്രോ. 3:8-13; 1 തെസ. 4:13-18; യോഹ. 5:19-29

**ബ്രദർ വർഗ്ഗീസ് മനോജ് ഒ. ഐ. സി.**

മലങ്കര ആരാധനക്രമമനുസരിച്ച് വലിയ നോമ്പിനു തൊട്ടുമുമ്പുവരുന്ന ഞായറാഴ്ച മരിച്ചുപോയ സകലരെയും അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് നിഷ്പ്രയോജനവും അർത്ഥശൂന്യവുമാണെന്നു വാദിക്കുന്ന സഭാസമൂഹങ്ങളുള്ളപ്പോൾ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരുടെ മാദ്ധ്യസ്ഥം യാചിക്കുകയും ചെയ്യുന്ന ഒരു പാരമ്പര്യ മാണു നമുക്കുള്ളത്. ഇതു ഭാരതീയ സംസ്കാരത്തിന്റെ ഭാഗം കൂടിയാണ്. നമ്മുടെ ദൈനംദിന പ്രാർത്ഥനകളിലും വി. കുർബ്ബാനയിലും ഉടനീളം മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ കാണാൻ സാധിക്കും. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി 2 മക്കബായ 12:45 വ്യക്തമാക്കുന്നുണ്ട്.

ഇന്നത്തെ സുവിശേഷഭാഗത്തിലൂടെ കടന്നുപോകുമ്പോൾ നമുക്കു കാണാൻ കഴിയുന്നത്. യേശുവിനുള്ള രണ്ട് അധികാരങ്ങളാണ്:- (1) ജീവൻ നൽകാനുള്ള അധികാരം (2) ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനുള്ള അധികാരം. യേശു ഈ ലോകത്തിലേയ്ക്കു വന്നതു തന്നെ നമുക്ക് നിത്യജീവൻ പ്രദാനം ചെയ്യുന്നതിനുവേണ്ടിയാണ് (യോഹ 3:16). നിത്യജീവൻ നാം സ്വന്തമാക്കുന്നത് യേശുവിൽ വിശ്വസിക്കുന്നതു വഴിയാണ്. യേശുവിന്റെ മനുഷ്യാവതാരവും കുരിശുമരണവും ഉത്ഥാനവും വഴി മനുഷ്യരക്ഷ സാധിതമായെന്നും ഇതിൽ വിശ്വസിച്ച് അതനുസരിച്ചു ജീവിക്കുന്നവർക്കു മാത്രമുള്ളതാണ് നിത്യജീവ

നെന്നും ഇന്നത്തെ സുവിശേഷഭാഗം വ്യക്തമാക്കുന്നു. ഇങ്ങനെ യുള്ളവർ മരണത്തിൽ നിന്നു ജീവനിലേക്കു കടന്നിരിക്കുന്നു എന്നാണ് സുവിശേഷം സാക്ഷ്യപ്പെടുത്തുന്നത്.

മരണത്തിൽ നിന്നു ജീവനിലേക്കു കടക്കുക എന്നതുവഴി മരണാനന്തര ജീവിതമല്ല സുവിശേഷകർ വിവക്ഷിക്കുന്നത്; മറിച്ച് ഈ ലോകജീവിതത്തിൽ വരുത്തേണ്ട മാറ്റത്തെപ്പറ്റിയാണ്. സഹോദരങ്ങളെ സ്നേഹിക്കുന്നതുവഴി നാമെല്ലാവരും മരണത്തിൽ നിന്നു ജീവനിലേയ്ക്കു പ്രവേശിക്കുന്നുവെന്ന് 1 യോഹ 3:14-ൽ നാം വായിക്കുന്നുണ്ട്. ഇതു തന്നെയാണ് ആർഷഭാരതത്തിലെ മുനിവര്യർ "മൃത്യോർ മാ അമൃതം ഗമയ:" എന്ന മന്ത്രത്തിലൂടെ പ്രാർത്ഥിച്ച് ഉരുവിട്ടതും - "മരണത്തിൽ നിന്നു ജീവനിലേക്കു നയിക്കണമേ" കാരണം സ്നേഹമുള്ളിടത്തു മാത്രമേ ജീവൻ നിലനിൽക്കുകയുള്ളൂ. കാരണം സ്നേഹം ജീവനെ പരിപോഷിപ്പിക്കുന്നു-ത്യാഗത്തിലൂടെ, സ്വയദാനത്തിലൂടെ, വിട്ടുകൊടുക്കലിലൂടെ. എവിടെ സ്നേഹത്തിന്റെ, കരുതലിന്റെ അംശം കുറയുന്നുവോ, അവിടെ അസൂയയുടെയും, വെട്ടി പ്പിടിക്കലിന്റെയും, മരണത്തിന്റെയും കരിനിഴലുകൾ വീഴുന്നു. മത്തായിശ്ലീഹ തന്റെ സുവിശേഷത്തിൽ അന്ത്യവിധിയെക്കുറിച്ചു വിവരിക്കുന്നതും ഇതു തന്നെയാണ്. "നിന്റെ എളിയ ഒരു സഹോ ദരനു നീ ഇതു ചെയ്തുകൊടു ക്കാതിരുന്നപ്പോൾ എനിക്കു തന്നെയാണ് ചെയ്യാതിരുന്നത്" (മത്താ 25:45) യേശുവിന്റെ സ്നേഹത്തിന്റെയും സഹനത്തി ന്റെയും ദൗത്യം തുടർന്നു കൊണ്ടുപോകുന്നതിനുള്ള വിളിയാണ് ഒരോ ക്രിസ്ത്യാനിക്കും ലഭിച്ചിരിക്കുന്നത്. അതു തിരിച്ചറിഞ്ഞ് നമുക്ക് പ്രവർത്തിക്കാം.

യേശുനാഥൻ പറയുന്നു: പ്രകാശം ലോകത്തിലുണ്ടാ യിരുന്നിട്ടും മനുഷ്യൻ പ്രകാശത്തെക്കാളധികമായി അന്ധകാര

ത്തെ സ്നേഹിച്ചു.” ഇതുതന്നെയാണ് ശിക്ഷാവിധി. നമ്മുടെ പൂർവ്വികർ യഥാർത്ഥ പ്രകാശമായ യേശുവിനെ സ്വന്തമാക്കി ഒടുങ്ങാത്ത നിക്ഷേപം സ്വർഗ്ഗരാജ്യത്തിൽ കരുതിവച്ച്, ദൈവ വിശ്വാസം നമ്മെ പഠിപ്പിച്ചവരാണ്. അവരുടെ സമ്പൂർണ്ണ ദൈവാ ശ്രയത്തിന്റെ ജീവിതം നാമിന്ന് അനുസ്മരിക്കുന്നു, ആഘോഷി ക്കുന്നു. നമ്മുടെ പൂർവ്വികരെ അനുസ്മരിക്കുമ്പോൾ നമ്മുടെ തന്നെ ജീവിതത്തെ വിലയിരുത്താനും തെറ്റുകൾ തിരുത്താനും തയ്യാറാകണം. കാരണം മരണം ജീവിതത്തിന്റെ അവസാനമല്ല, അത് നിത്യതയിലേക്കുള്ള വാതിലാണ്. “കർത്താവേ, എന്റെ ആത്മാവ് അങ്ങയോടൊത്തു ജീവിക്കും; ഞാൻ അങ്ങേയ്ക്കു വേണ്ടി മാത്രം ജീവിക്കും” (ഏശ. 38:16) എന്നു പ്രവാചകനോ ടൊപ്പം നമുക്കും പ്രാർത്ഥിക്കാം. അതിനു നമ്മുടെ പൂർവ്വികരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ.



# 2013 ഫെബ്രുവരി 10
# കൊത്തിനെ ഞായർ
## വലിയ നോമ്പിലെ ഒന്നാം ഞായർ

യോഹ 10:22-30, ഉല്പ. 3:1 - 13, പ്രഭാ 2:1 - 11,
ഏശ. 58:1 - 14, 1 യോഹ 4:13 - 21, റോമ 12:16 - 21, യോഹ 2:1 - 11

**ബ്രദർ ജി. പണിക്കർ ഒ. ഐ. സി.**

ആരാധനാവത്സരത്തിന്റെ മൂന്നാം ഘട്ടമായ വലിയ നോമ്പിന്റെ പടിവാതിലിലാണ് നാം ഇപ്പോൾ. ഉപവാസ അനുഷ്ഠാനത്തിലൂടെയും, പ്രാർത്ഥനാധ്യാനങ്ങളിലൂടെയും ഒരു ആത്മവിശുദ്ധീകരണത്തിനുള്ള സാധ്യതയാണ് നമുക്ക് മുമ്പിലുള്ളത്. പൗരസ്ത്യ ആത്മീയതയിൽ അനുതാപത്തിന് പ്രാധാന്യം ഏറെയാണ്. "ദൈവമേ നിന്റെ കൃപയിൻ പ്രകാരം..... (സങ്കീ. 51) എന്ന സങ്കീർത്തനം നമ്മുടെ യാമനമസ്കാരങ്ങളിലും ശുശ്രൂഷകളിലും അനുതാപത്തിന്റെ പ്രാധാന്യത്തെ വരച്ചുകാട്ടുന്നതാണ്. സ്വയം അറിയലും ദൈവസ്നേഹത്തിലുള്ള ശരണവുമാണ് അനുതാപത്തിന്റെ ഉറവിടവും വ്യാപ്തിയും.

നമ്മുടെ കർത്താവിന്റെ നാല്പ്പതു ദിവസത്തെ ഉപവാസാനുഷ്ഠാനമാണ് ഈ നോമ്പുകാലത്തിന്റെ ആദ്യ നാല്പതു ദിവസങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നത്. വരുവാനിരിക്കുന്ന ഉയിർപ്പിന്റെ മഹത്വത്തിൽ പങ്കുചേരുവാനുള്ള ഒരുക്കമാണ് അനുതാപത്തിന്റെ ഈ നോമ്പുകാലം ഈ കാലഘട്ടത്തിൽ യേശു തന്റെ പരസ്യജീവിതത്തിൽ പ്രവർത്തിച്ച അത്ഭുതങ്ങളാണ് തുടർച്ചയായി നാം കാണുക. അതിൽ ആദ്യത്തേതായ, കാനായിലെ വെള്ളത്തെ വീഞ്ഞാക്കിയതാണ് ഇന്നു നാം ധ്യാനവിഷയമാക്കുന്നത്. നമുക്ക് മുമ്പിലുള്ള ഈ ഓരോ അത്ഭുതങ്ങളും അടയാളങ്ങളാണ്. തന്നിലൂടെ തന്റെ പിതാവിനെ വെളിപ്പെടുത്തുക എന്ന ഒരു വലിയ ദൗത്യവും നാം ഇവിടെ കാണുന്നു. (യോഹ. 2:11)

"വിഭവസമൃദ്ധയായ വിരുന്നിൽ വീഞ്ഞിന്റെ കുറവ്
വിരുന്നുകാർക്ക് വീഞ്ഞ് വിളമ്പുവാൻ മതിയാകാതെ വരുന്നു

ഇല്ലായ്മയുടെ നിറവ്
കുറവിന്റെ നിറവ്
വീട്ടുകാരന് വിലാപം
വിരുന്നുകാർക്ക് പിറുപിറുപ്പ്, മണവാളനു മണവാട്ടിക്കും മാനഹാനി
വീട്ടുടയവൻ വിരളകുയും വിമർശിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം"

അനുദിനജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവരുന്ന അനുഭവം. ദൈവത്തെ വിളിക്കുന്നവനും ദൈവേഷ്ടത്തിനു വിധേയനായി ജീവിക്കുന്നവനും മഴനീരു പോലെ മിഴിനീർ ഒഴുക്കേണ്ടി വരുന്ന ചുറ്റുപാട്. ഭക്തിയുടെയും പ്രാർത്ഥന യുടെയും പാരമ്യത്തിൽ അന്തമില്ലാത്ത യാതന അനുഭവിക്കേണ്ടി വരുമ്പോൾ അറിയാതെ ഉതിർന്നു വീഴുന്നു. "എനിക്കിത് എന്തുകൊണ്ട്". വി. അഗസ്തിനോസിനും മറ്റും അതിനു മറുപടി ഉണ്ടായിരുന്നു. "ദൈവത്തിന് പാപം കൂടാതെ ഒരു പുത്രനുണ്ടാ യിരുന്നു എന്നാൽ പങ്കപ്പാടു കൂടാത്ത ഒരു പുത്രൻ പോലും ഇല്ലായിരുന്നു". എങ്കിലും എല്ലാ ദുഃഖവെള്ളിക്കുശേഷവും ഒരു ഉയിർപ്പുണ്ട് എന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

ഈ അത്ഭുതത്തിൽ നാം കാണുന്ന ഏതാനും ചില പ്രതീകങ്ങൾ ഉണ്ട്.

**1) കൽഭരണി**

യഹൂദരുടെ ശുദ്ധീകരണത്തിനുവേണ്ടിയുള്ള കൽഭരണി കളായിരുന്നു യേശു തിരഞ്ഞെടുത്തത്. ഓരോന്നിലും പരിമിത മായ വെള്ളമായിരുന്നു കൊള്ളുന്നത്. എളിയവരുടെ ഇടയിൽ നിന്നും എളിയവർക്കായി കടന്നു വന്നപ്പോഴും എളിയവ തിര ഞ്ഞെടുക്കാൻ അവൻ മറന്നില്ല. ഒരു പക്ഷെ യാദൃശ്ചികമെങ്കിലും അവൻ എളിയവയിൽ പങ്കുചേർന്നു. ഏറെ ശ്രദ്ധിക്കപ്പെടാത്ത കൽഭരണികളാണ് അവൻ തിരഞ്ഞെടുത്തത്. യേശുവിന്റെ തിരഞ്ഞെടുപ്പുകളെല്ലാം തന്നെ അങ്ങനെ ആയിരുന്നല്ലോ! അത് ശിഷ്യരെ വിളിച്ചു വേർതിരിച്ചതായാലും, അപ്പം വർദ്ധിപ്പിച്ച തായാലും, സുഖപ്പെടുത്തിയതാണെങ്കിലും, ജീവിതത്തിൽ

സാധാരണമായവയാണ് അവൻ തിരഞ്ഞെടുത്തിരുന്നത്. “നീതിമാന്മാരെ വിളിക്കുവാനല്ല പാപികളെ വിളിക്കാനാണ് അവൻ വന്നത്.” “ഈ ചെറിയവരിൽ ഒരുവനു ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്ത് തന്നത്.” ഇവയെല്ലാം തന്നെ അവനിലെ സാധാരണത്വത്തിലേക്കു വഴി കാട്ടുന്നു. തിരുവചനം മുഴുവൻ നാം നോക്കുമ്പോൾ യേശു പാപികൾക്കും അനാഥർ ക്കും, സമൂഹത്തിന്റെ താഴെക്കിടയിലുള്ളവർക്കും ഒരു കൈതാ ങ്ങായി മാറുന്നു.

തിരഞ്ഞെടുക്കപ്പെട്ട കൽഭരണികളാണ് നാം ഓരോരുത്തരും. തൊപ്പും തൊങ്ങലുമില്ലാത്തതും ഭംഗി അധികമില്ലാത്തതുമായ കലവറകളുടെയും ചായ്പ്പുകളുടെയും മറവിൽ മാത്രം സ്ഥാനം ലഭിച്ചിരുന്ന ആ കല്ഭരണികളാണ് നാമോരുത്തരും. കുറവുകളും കുറ്റങ്ങളുമൊക്കെയുള്ള നമ്മെത്തന്നെയാണ് ഇന്നിന്റെ നിറവു കൾക്കുവേണ്ടി തിരഞ്ഞെടുത്തിരിക്കുന്നത്.

**2) വെള്ളം**

വളരെ ശക്തമായ ഒരു പ്രതീകമാണ് വെള്ളം. ഉൽപത്തി 1:3-ൽ കാണുന്നതുപോലെ “ദൈവത്തിന്റെ ചൈതന്യം വെള്ള ത്തിനു മീതെ ചലിച്ചുകൊണ്ടിരിക്കുന്നു.” “ഞാൻ നല്കുന്ന ജലം കുടിക്കുന്നവന് ഒരിക്കലും ദാഹിക്കുകയില്ല.” (യോഹ 4:14) ഇവിടെ യേശുവിന്റെ വാക്ക് വെള്ളത്തിൽ പതിച്ചപ്പോൾ മാറ്റം സംഭവിച്ചു. വെള്ളം വീഞ്ഞായി മാറുന്നു. നിർമ്മലമായ ആ ജലം വചനത്തിന്റെ ശക്തിയാൽ വീഞ്ഞായി മാറുന്നു. അതും മേൽത്തരമായ വീഞ്ഞ്. അത് അതിന്റെ സംശുദ്ധിയെ സൂചിപ്പി ക്കുന്നു. ആ സംശുദ്ധിയിലാണ് കാനായിലെ ആ ഭവനത്തിൽ ദൈവാനുഗ്രഹത്തിന്റെ ഒരു നവചൈതന്യം ഉണ്ടായത്. കുറവു കളുള്ള കൽഭരണിയും നിർമ്മലമായ ജലവും തിരഞ്ഞെടുത്ത തുവഴി, രക്ഷാകരപദ്ധതിയുടെ പങ്കാളികളാകുവാനുള്ള ഭാഗ്യ മാണ് ഇവിടെ നാം കാണുക. കുറവുകളുള്ള കൽഭരണിയേയും വെള്ളത്തേയും തിരഞ്ഞെടുത്തതുപോലെ ഒരു പക്ഷെ നാം ഒരോരുത്തരും ഇവിടെ പ്രതീകങ്ങളാണ്.

### 3) അമ്മയുടെ സാന്നിദ്ധ്യം

വിരുന്നിൽ വീഞ്ഞു തീർന്നു പോകുമെന്ന് ദൈവപുത്രനു മുൻകൂട്ടി തയ്യാറാക്കിയ പദ്ധതിയുമായിട്ടാണ് യേശു ഭൂമിയിലേക്കു വന്നത്. ഓരോ മണിക്കൂറിലും യേശുതന്റെ പിതാവിന്റെ ഹിതപ്രകാരം ജീവിതത്തെ നമുക്ക് മുമ്പിൽ വെളിപ്പെടുത്തി തരുന്നു. എന്തെല്ലാം ചെയ്യണമെന്ന് പിതാവുമായി ചേർന്നു തീരുമാനിച്ചുറച്ചിരുന്നു. "എന്തെന്നാൽ ഞാൻ സ്വമേധയല്ല സംസാരിച്ചത്; ഞാൻ എന്തു പറയണം എന്തു പ്രവർത്തിക്കണം എന്ന് എന്നെ അയച്ച പിതാവു തന്നെ കൽപ്പിച്ചിരിക്കുന്നു" (യോഹ 12:49).

യോഹന്നാൻ നമ്മുടെ മുമ്പിൽ നൽകുന്ന യേശുവിന്റെ ചിത്രം പാലസ്തീനായിൽ എന്തൊക്കെയോ ചെയ്തു കടന്നുപോയ ഒരു സംഭവമായിട്ടല്ല, പ്രത്യുത ദൈനംദിന ജീവിതത്തിൽ യേശു നമ്മളിൽ ഇടപെടുന്ന അല്ലെങ്കിൽ ഇടപെട്ടേക്കാവുന്ന സംഭവ സാഹചര്യങ്ങളാണു വരച്ചുകാട്ടുന്നത്. നമ്മുടെ ജീവിതത്തിലേക്ക് യേശു കടന്നു വരുമ്പോഴെല്ലാം ഒരു പരിവർത്തനം നമ്മളിൽ ഉണ്ടാകുന്നു. വെള്ളം വീഞ്ഞായി മാറിയതുപോലെ, അവന്റെ ശിഷ്യർ അവനിൽ വിശ്വസിച്ചതു വഴി അവർ രൂപാന്തരപ്പെടുകയായിരുന്നു. രക്ഷാകര സംഭവം അനുസ്മരിക്കുന്ന ഈ നോമ്പിന്റെ അവസരത്തിൽ ഇതുപോലെയുള്ള രൂപാന്തരീകരണമാണ് സഭ നമ്മളിൽ നിന്നു പ്രതീക്ഷിക്കുന്നത്.

ശ്രദ്ധിക്കപ്പെടാത്ത കൽഭരണികളെപ്പോലെ ഒരു പരിവർത്തനത്തിനായി അവൻ നമ്മെ തിരഞ്ഞെടുത്തു. സർവ്വസാധാരണമായ ജലത്തിന് വിശുദ്ധിയുടെ ഉറവിടം അവൻ നമുക്ക് കാട്ടിത്തന്നു. അതുപോലെ നമ്മെയും ഒരു തിരഞ്ഞെടുപ്പു വഴി, ഒരു വലിയ ദൗത്യത്തിനു ഭാഗഭാക്കാക്കി, എന്നതിൽ തെല്ലും സംശയമില്ല. രക്ഷാകര പദ്ധതിയിൽ പരിശുദ്ധ അമ്മയുടെ സാന്നിദ്ധ്യം വഴി അമ്മയുടെ പ്രധാന്യം നാം ഇവിടെ കാണുന്നു.

അവന്റെ ശിഷ്യൻ മാർ അവനിൽ വിശ്വസിച്ചു. അവരുടെ മുമ്പോട്ടുള്ള ജീവിതത്തിൽ അർത്ഥവും വ്യാപ്തിയും ഉണ്ടാകുന്നതായി വചനത്തിൽ നാം കാണുന്നു. നോമ്പിന്റെ ഈ

കാലഘട്ടത്തിൽ നാം കാണുന്ന അത്ഭുതങ്ങളിലൂടെ മഹത്വീകൃതനായ യേശുവിനെയാണു നാം അനുഭവിക്കുന്നത്. ഈ അടയാളങ്ങളെല്ലാം നമ്മുടെ ജീവിതത്തിനു പുതുജീവൻ നല്കുന്നവയാണ്. ഒരു പക്ഷെ നമ്മുടെ ജീവിതത്തിൽ വീഞ്ഞിന്റെ കുറവിനെ സമൃദ്ധിയുടെ വക്കിലേക്കു കൈപിടിച്ചിട്ടുണ്ട്.

കുറവുകളുള്ള നമ്മിലേക്ക്, നമ്മുടെ ഭവനങ്ങളിലേക്ക്, വിരുന്നിലേക്ക് വിശുദ്ധാലയങ്ങളിലേക്ക്; പരി. അമ്മയുടെ കരുതലും, യേശുവിന്റെ സ്നേഹത്തെയും ക്ഷണിക്കാം. സകലത്തേയും ത്യജിച്ച് സകലത്തിന്റെയും നാഥനെ പിൻപറ്റിയ ആ അമ്മയുടെ സാന്നിദ്ധ്യത്തിൽ യേശുക്രിസ്തുവും സന്നിഹിതനാകും. അപ്രകാരമുള്ള വീടുകളിലും വേദികളിലും കുറവിന് പരിഹാരവുമുണ്ടാകും. അവിടെ നിറഞ്ഞു നിൽക്കുന്നത് സമൃദ്ധിയുടെ സന്തോഷമായിരിക്കും. നമ്മുടെ ജീവിതത്തിലും ആ സന്തോഷത്തിന്റെ പുതുവീഞ്ഞു രുചിക്കുവാൻ സർവ്വശക്തൻ നമ്മെ അനുഗ്രഹിക്കട്ടെ.

തൻകല്പനയാൽ ഭൃത്യന്മാർ
കൽപാത്രങ്ങ-ളിലേറ്റിയനീർ
സ്വാദും മേന്മയും ഏറീടും
വീഞ്ഞാക്കി തീർത്താ കർത്തൻ
മണവാളന് തുണ ചെയ്തോനെ
പാനം ചെയ്തോർ കീർത്തിച്ചു
വീഞ്ഞുവിരുന്നിൽ തീർന്നതിനാൽ
വരനെ ആഗ-തരെല്ലാരും
നിന്ദിക്കുന്നതു കണ്ടാലെ
കർത്താവേറ്റം ദുഃഖിച്ചു
സ്നേഹം മൂലം കൽപ്പിച്ചു
വെള്ളത്തെ നൽവീഞ്ഞാക്കി.

(മലങ്കര ഓർത്തഡോക്സ് ശുശ്രൂഷ ഗാനം)



# 2013 ഫെബ്രുവരി 17
## ഗർബോ ഞായർ
## വലിയ നോമ്പിലെ രണ്ടാം ഞായർ

ലൂക്കാ 17:11-19; സംഖ്യ 12:1- 16; 2 രാജാ 5:1-14; ഏശ 59:1-8; യാക്കോ 1:12-18; തീത്തോ 2:1-10; മർക്കോ 1:40-45

**ബ്രദർ പോൾ നവീൻ ഒ. ഐ. സി.**

പ്രതീക്ഷയുടെയും പ്രത്യാശയുടെയും പെരുന്നാളായ ഉയർപ്പുപെരുന്നാളിനെ ലക്ഷ്യമാക്കിയുള്ള അൻപതുദിവസം നീണ്ടുനിൽക്കുന്ന ഒരു തീർത്ഥാടനത്തിലാണു നാം. ക്രൈസ്തവ സമൂഹം ഒന്നാകെയുള്ള ഒരു തീർത്ഥാടനമാണിത്. സഭയിൽ നിന്നും സമൂഹത്തിൽനിന്നും അകന്നും അകറ്റിയും നിർത്തിയിരിക്കുന്ന, അശുദ്ധനെന്നു സർവ്വരാലും മുദ്ര കുത്തപ്പെട്ടു മതിലുകളുടെ മറവിനുള്ളിൽ അമർന്നു കഴിയുന്ന ഒരു മനുഷ്യന്റെ ചിത്രമാണ് ഇന്നത്തെ സുവിശേഷഭാഗത്തുള്ളത്.

സമൂഹം വെറുക്കുന്ന, അറയ്ക്കുന്ന ഭീകരമായ ഒരു രോഗമാണ് കുഷ്ഠരോഗം. കുഷ്ഠരോഗത്തിന് ഔഷധം കണ്ടുപിടിക്കാത്ത കാലത്ത് ജനിച്ചുപോയതിന്റെ ഭാരവും ദുഃഖവും പേറി മരണവും കാത്തിരിക്കുന്നവരായിരുന്നു കുഷ്ഠരോഗികൾ. സഹജീവികളാൽ അവഗണിക്കപ്പെട്ടും നിന്ദിക്കപ്പെട്ടും അശുദ്ധതയുടെ ചുറ്റുമതിലിനുള്ളിൽ ബന്ധിക്കപ്പെട്ടവരായിരുന്നു അവർ, ആറടി മണ്ണിൽ അലിഞ്ഞു തീരുന്നതുവരെ മറ്റുള്ളവരിൽ നിന്നും ആറടി അകലം സൂക്ഷിക്കേണ്ടി വരുന്ന ഹതഭാഗ്യർ. ചികിത്സിച്ചു ഭേദമാക്കാൻ കഴിയുന്ന ഇക്കാലത്തു പോലും കുഷ്ഠരോഗികൾ സമൂഹത്തിൽ ഒറ്റപ്പെടുന്നുണ്ട്. പഴയനിയമ പശ്ചാത്തലം പരിശോധിച്ചാൽ കുഷ്ഠരോഗത്തെ യഹൂദർ എത്ര വെറുത്തിരുന്നെന്നു മനസ്സിലാക്കാൻ കഴിയും. ലേവ്യർ 13:45-46-ൽ കുഷ്ഠരോഗത്തിന്റെ ലക്ഷണങ്ങളും കുഷ്ഠരോഗി അനുഷ്ഠിക്കേണ്ട കാര്യങ്ങളും വ്യക്തമാക്കുന്നുണ്ട്. ഏകാന്തതയും അവഗണനയും സ്വയനിന്ദയും പേറി 'ചത്തതിനൊക്കുമേ ജീവി

ച്ചിരിക്കിലും' എന്ന അവസ്ഥയിൽ വീണു പോകുന്നവരായിരുന്നു അവർ. കുഷ്ഠരോഗികളെ സ്പർശിക്കുന്നവർക്കുപോലും ഭ്രഷ്ട് കൽപ്പിച്ചിരുന്ന അക്കാലത്താണ് തന്നെ സമീപിക്കുന്ന കുഷ്ഠരോഗിയെ യേശു തൊടുന്നതും സൗഖ്യമാക്കുന്നതും.

ഇന്നത്തെ വേദഭാഗത്തെക്കുറിച്ച് ധ്യാനിക്കുമ്പോൾ രണ്ടു പ്രധാന ചിന്തകൾ നമ്മെ സ്പർശിക്കും. (1) സ്വന്തം അവസ്ഥയെക്കുറിച്ച് അവബോധമുള്ള രോഗി (2) തൊട്ടു സൗഖ്യമാക്കുന്ന കർത്താവ്.

1) സുവിശേഷത്തിലെ ഈ കുഷ്ഠരോഗി 'മരിച്ചു ജീവിക്കാനോ' മതിലുകൾക്കുള്ളിൽ ഒതുങ്ങികഴിയുവാനോ ആഗ്രഹിച്ചില്ല. തന്റെ പ്രശ്നങ്ങളെക്കുറിച്ചും, പ്രയാസങ്ങളെ ക്കുറിച്ചും തികഞ്ഞ അവബോധമുണ്ടായിരുന്നു അവന്. അവയിൽ നിന്നു മോചനം നേടുന്നതിന് തീവ്രമായ ആഗ്രഹവും ഉണ്ടായിരുന്നു. മാത്രമല്ല, പ്രശ്നപരിഹാരത്തിന് അപേക്ഷിക്കേണ്ടിടത്ത് അപേക്ഷിക്കാനും അവൻ അറിയാമായിരുന്നു. തന്റെ ശരീരത്തിനും മനസ്സിനും സൗഖ്യം നല്കാൻ കഴിവുള്ള കരങ്ങളെ സമീപിക്കാൻ അവൻ വിനയം കാണിച്ചു. നഷ്ടപ്പെട്ടുപോയ അവന്റെ ആകാരവും ആത്മീയചൈതന്യവും വീണ്ടുനല്കാൻ കഴിവുള്ള യേശു ക്രിസ്തുവിനെ ഉറച്ച വിശ്വാസത്തോടും ഉള്ളു നിറഞ്ഞ ഭക്തിയോടുംകൂടി അവൻ സമീപിക്കുകയാണ്. തന്നെ എതിർക്കുന്ന കഠിനമായ നിയമങ്ങളൊന്നും അവനൊരു പ്രശ്നമേ ആകുന്നില്ല. അടുത്തുവന്നാൽ ആട്ടിപ്പായിക്കയില്ലെന്നും മുട്ടുകുത്തിയാൽ രോഗത്തിൽ നിന്നു മോചനം പ്രാപിക്കാമെന്നുമുള്ള ദൃഢമായ വിശ്വാസം കർത്താവിന്റെ അടുക്കലേക്ക് അവനെ നയിച്ചു.

2) മതവും മതസംഹിതകളും 'തൊട്ടുകൂടാ, തീണ്ടിക്കൂടാ' എന്നൊക്കെ അനുശാസിച്ചിരുന്നെങ്കിലും യേശു കൈനീട്ടി സ്പർശിച്ച് കുഷ്ഠരോഗിയെ സുഖമാക്കുന്നു. ആർദ്രതയുടെ അരുവി ഒഴുകുകയാണ്; ഒപ്പം ഉപവിയുടെ ഉരുൾപൊട്ടലും. ഒരു വാക്കുകൊണ്ട് പ്രപഞ്ചം സൃഷ്ടിച്ചവനു ഒരു വാക്കുകൊണ്ട് ആ കുഷ്ഠരോഗിയെ സൗഖ്യപ്പെടുത്താമായിരുന്നു. എന്നാൽ യേശു സ്പർശിച്ചുകൂടാത്ത അവനെ സ്പർശിച്ചു സൗഖ്യം നല്കുന്നു. ആ രോഗി കോരിത്തരിച്ച നിമിഷം! രോഗിയായതിനു

ശേഷം ആദ്യമായിട്ടായിരിക്കണം രോഗമില്ലാത്ത ഒരുവൻ അവനെ സ്പർശിക്കുന്നത് “എനിക്കു മനസ്സുണ്ട്, നിനക്കു സൗഖ്യ മുണ്ടാവട്ടെ” എന്ന വചനത്തെക്കാൾ സ്നേഹപൂർവ്വമായ ആ സ്പർശനമാണ് അവനു ആന്തരികവും ശാരീരികവുമായ സൗഖ്യം നൽകുന്നത്. ഇന്നും അനുഗ്രഹത്തിന്റെ ആ നീട്ടപ്പെട്ട കരങ്ങൾ നമുക്കുവേണ്ടി കാത്തിരിക്കുന്നു.

**വിചിന്തനം** : ഇന്നത്തെ സുവിശേഷഭാഗത്തിലൂടെ യേശു നമ്മോടു ചോദിക്കുന്നു. ശാരീരികമായ കുഷ്ഠരോഗമില്ലെങ്കിലും നമ്മുടെ സംസർഗ്ഗത്തിൽ നിന്നും കൂട്ടായ്മയിൽ നിന്നും ചിലരെ യങ്കിലും നാം മാറ്റി നിർത്താറില്ലേ? സമൂഹത്തിന്റെ അധോഭാഗ ങ്ങളിൽ സ്നേഹവും പരിഗണനയും ഇല്ലാതെ ജീവിക്കുന്ന സഹജീവികളെ സ്വീകരിക്കാനും മാറോടണയ്ക്കാനും നാം തയ്യാറാകുമോ? നമ്മുടെ കുടുംബങ്ങളിലും കൂട്ടായ്മകളിലും പുറന്തള്ളപ്പെടുന്നവരെ പുനരുദ്ധരിക്കാൻ നാം മനസ്സു കാണിക്കുമോ? നമ്മുടെ തന്നെ കുറവുകൾ മനസ്സിലാ ക്കുമ്പോൾ സൗഖ്യം നൽകാൻ കഴിവുള്ളവന്റെ മുമ്പിൽ മുട്ടുകൾ മടക്കി അപേക്ഷിക്കാൻതക്ക വിനയം നമുക്കുണ്ടോ? സ്നേഹ ത്തിന്റെയും കരുണയുടെയും ജാലകങ്ങളായി മറ്റുള്ള വർക്ക് സൗഖ്യത്തിന്റെ അനുഭവം പകർന്നു കൊടുക്കാൻ നമ്മുക്ക് കഴിയുന്നുണ്ടോ?

രക്ഷിക്കാനാവാത്ത വിധം കരങ്ങൾ കുറുകിപ്പോകാത്ത, കേൾക്കാനാവാത്ത വിധം കാതുകൾക്ക് മാന്ദ്യം സംഭവിക്കാത്ത നമ്മുടെ ദൈവത്തോട് സൗഖ്യത്തിന്റെ മാനസാന്തരത്തിന്റെ അനുഭവത്തിനായി ഈ നോമ്പുകാലത്ത് നമ്മുക്ക് പ്രാർത്ഥിക്കാം...



# 2013 ഫെബ്രുവരി 24

## മ്ശറിയോ ഞായർ

## വലിയ നോമ്പിലെ മൂന്നാം ഞായർ

## യേശു തളർവാതരോഗിയെ സുഖപ്പെടുത്തുന്നു

മർക്കോ 2:1-12; നിയമ 30:15-20; പ്രഭാ 9:10-18; ഏശ 30:19-26; യാക്കോ 3:1-12; റോമാ 6:15-23; മത്താ 9:1-8

ബ്രദർ സൈജു കുര്യൻ ഒ. ഐ. സി.

### പശ്ചാത്തലം

വി. മത്തായിയുടെ സുവിശേഷം 1-ാം അദ്ധ്യായം മുതൽ 10:42 വരെയുള്ള തിരുവചനഭാഗങ്ങളെ മൂന്നായിട്ടാണ് തരംതിരിച്ചിരിക്കുന്നത്. യേശുവിന്റെ ജനനവും ബാല്യകാലവും (1:1-2:23), ദൈവരാജ്യത്തെക്കുറിച്ചുള്ള പഠിപ്പിക്കലും മലയിലെ പ്രസംഗവും (3:1-7:29) ഗലീലിയായിലെ ദൗത്യവും പ്രഘോഷണവും (8:1-10:42). അതിൽ മൂന്നാം ഭാഗത്തു വരുന്ന യേശുവിന്റെ ഒരത്ഭുതപ്രവർത്തിയാണല്ലോ നമ്മുടെ ധ്യാനവിഷയം (മത്തായി 9:1-8).

### പ്രമേയം

ഗദറായരുടെ നാട്ടിൽ പിശാച് ബാധിതർക്ക് യേശുവിലൂടെ സൗഖ്യം ലഭിച്ചതോടൊപ്പം വലിയൊരു പന്നിക്കൂട്ടം കടലിൽ വീണുചാവുകയും ചെയ്തു. അതിനാൽ തങ്ങളുടെ നാട്ടിൽ നിന്നു പോകണമെന്ന് അവിടുത്തെ ജനങ്ങൾ യേശുവിനോടാവശ്യപ്പെടുന്നു (8:34). അതിൻപ്രകാരം യേശു തോണിയിൽക്കയറി സ്വന്തം നാട്ടിലെത്തുന്നു. അപ്പോൾ ഒരു തളർവാതരോഗിയെ സൗഖ്യപ്പെടുത്തുന്നതാണ് വിഷയം. യേശു ആദ്യം അവനെ ധൈര്യപ്പെടുത്തുകയും പാപം ക്ഷമിക്കുകയും, പിന്നീട് സൗഖ്യം കൊടുക്കുകയും ചെയ്യുന്നു (9:2) ആന്തരികവും ശാരീരികവു

മായ സൗഖ്യം യേശുവിലൂടെ ലഭിക്കുന്നതോടൊപ്പം പാപം മോചിക്കാൻ മനുഷ്യപുത്രന് അധികാരമുണ്ടെന്ന് ഈ അത്ഭുതപ്രവർത്തിയിലൂടെ യേശു കാണിച്ചുകൊടുക്കുകയും ചെയ്യുന്നു.

**സന്ദേശം**

**1.** ഈ സംഭവത്തിന്റെ ആദ്യഭാഗത്തു പറയുന്നത് "അവർ ഒരു തളർവാതരോഗിയെ അവന്റെയടുത്തുകൊണ്ടുചെന്നു എന്നാണ്. വൈദ്യശാസ്ത്രം പുരോഗമിച്ചിട്ടില്ലാത്ത അക്കാലത്ത് അവർ തളർവാതരോഗിയെ കൊണ്ടുചെല്ലുന്നത് ശാരീരിക സൗഖ്യം മാത്രം കൊടുക്കാൻ കഴിയുന്ന ഒരു വൈദ്യന്റെ യടുത്തല്ല, മറിച്ച് ശാരീരികവും ആത്മീകവുമായ സൗഖ്യം നൽകാൻ കഴിവുള്ള യേശുവിന്റെയടുക്കലാണ്. ഇന്നത്തെ ഓരോ യേശുക്രിസ്തുശിഷ്യന്റെയും വിളിയും ഇതുതന്നെയാണ്. വേദനിക്കുന്ന, തളർന്ന, തകർന്ന ജീവിതങ്ങളെ ദൈവത്തിങ്ക ലേക്കു കൊണ്ടുവരുവാനുള്ള ആഹ്വാനമാണ് ഇതിലൂടെ സഭ നമുക്കു നൽകുന്നത്. ഈ നോമ്പുകാലത്തിൽ നാം ആർജ്ജി ച്ചെടുക്കേണ്ട മനോഭാവവും ഇതുതന്നെയാണ്.

**2.** യേശു തളർവ്വാതരോഗിയെ ആദ്യം ധൈര്യപ്പെടുത്തുന്നു, പിന്നീട് പാപം മോചിക്കുന്നു അവസാനമാണ് സൗഖ്യം നൽകുന്നത്. അവനെ കൊണ്ടുവന്നവർ അവന്റെ ശാരീരിക സുഖം മാത്രമായിരുന്നിരിക്കണം ലക്ഷ്യം വച്ചത്. എന്നാൽ അവന് ശാരീരിക സൗഖ്യത്തേക്കാളുപരി ആന്തരീകസൗഖ്യം അനിവാര്യമായിരുന്നുവെന്നു യേശു മനസ്സിലാക്കിയിരുന്നു. യേശുവിന്റെ ഈ മനോഭാവത്തിലേക്കു വളരുവാനുള്ള പ്രചോദനമാണ് ഈ വചനഭാഗം നമുക്കു നൽകുന്നത്. അപരനിലെ കണ്ണിലെ തിളക്കത്തിനു കാരണം സന്തോഷമാണോ ദുഃഖമാണോയെന്നു മനസ്സിലാക്കാനുള്ള ''ഉൾക്കാഴ്ച'' നമുക്കുണ്ടാകണം എന്നർത്ഥം. അപ്പോഴാണ് യേശുവിന്റെ മനോഭാവത്തിലേക്കു വളരുവാൻ നമുക്കും സാധിക്കുന്നത്.

**3.** “നിങ്ങൾ എന്തിനു ഹൃദയത്തിൽ തിന്മ വിചാരിക്കുന്നു” (9:4)? അപരന് നന്മയുണ്ടാകുവാനുള്ള സാദ്ധ്യതയേറെയുണ്ടായിട്ടും അതിൽ സന്തോഷം കണ്ടെത്താൻ സാധിക്കാത്ത ഈ സംഭവത്തിലെ മറ്റൊരു കൂട്ടരോടുള്ള യേശുവിന്റെ ചോദ്യമാണിത്. ഈ ചോദ്യം ഇന്നും നിലനിൽക്കുന്നു. ചോദ്യം നമ്മോടുതന്നെയാണോ എന്നാണ് നാം ചിന്തിക്കേണ്ടത്. മറ്റൊരർത്ഥത്തിൽ അപരന് സന്തോഷമുണ്ടാകുന്ന വേളയിൽ എന്റെയുള്ളിൽ അവനോടൊപ്പമുള്ള ആനന്ദമാണോ അതോ തിന്മയുടെ വിളയാട്ടമാണോ? ഈ നോമ്പുകാലത്ത് നാം തന്നെ ഉത്തരം കണ്ടെത്തേണ്ട ചോദ്യമാണിത്.

